**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1499** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ബജറ്റിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** 2026 ജൂൺ 19 -ന് അവതരിപ്പിച്ച ബജറ്റിൽ അധിക വിഭവ സമാഹരണത്തിന് നിർദേശങ്ങളുണ്ടായിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ അധിക വിഭവസമാഹരണ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിരുന്നില്ല. അധിക വിഭവസമാഹരണം വഴി ലഭിക്കേണ്ടുന്ന തുകയുടെ മതിപ്പ് കണക്കാക്കുകയോ അവയെ ബജറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**(ബി)** പ്രസ്തുത അധിക വിഭവ സമാഹരണം വഴി പ്രതീക്ഷിച്ച തുക എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ അധിക വിഭവസമാഹരണ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിരുന്നില്ല. അധിക വിഭവസമാഹരണം വഴി ലഭിക്കേണ്ടുന്ന തുകയുടെ മതിപ്പ് കണക്കാക്കുകയോ അവയെ ബജറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**(സി)** ബജറ്റിൽ വിവിധ തരത്തിലുള്ള ഇളവുകൾ പ്രഖ്യാപിച്ചിരുന്നോ;

**<u>മറുപടി:</u>** അധിക വരുമാനം ലഭ്യമാകുമെന്ന് ഉറപ്പില്ലാത്ത ഇനങ്ങളിൽ നിലവിലുള്ള വരുമാനം മെച്ചപ്പെടുത്തുന്നതിനായി ചില ക്രമപ്പെടുത്തലുകൾ അതത് വിഭവസമാഹരണ വകുപ്പുകൾക്ക് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ ക്രമപ്പെടുത്തലുകൾ മൂലം സംസ്ഥാനത്തിന് യാതൊരുവിധ വരുമാനക്കുറവും ഉണ്ടാകുന്നുമില്ല.

**(ഡി)** പ്രസ്തുത ഇളവുകൾ പ്രകാരം എത്ര കോടി രൂപയാണ് വരുമാനയിനത്തിൽ കുറവുണ്ടാകുകയെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** അധിക വരുമാനം ലഭ്യമാകുമെന്ന് ഉറപ്പില്ലാത്ത ഇനങ്ങളിൽ നിലവിലുള്ള വരുമാനം മെച്ചപ്പെടുത്തുന്നതിനായി ചില ക്രമപ്പെടുത്തലുകൾ അതത് വിഭവസമാഹരണ വകുപ്പുകൾക്ക് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ ക്രമപ്പെടുത്തലുകൾ മൂലം സംസ്ഥാനത്തിന് യാതൊരുവിധ വരുമാനക്കുറവും ഉണ്ടാകുന്നുമില്ല.

**സെക്ഷൻ ഓഫീസർ**